**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5253** **02-11-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം കള്ളിക്കാട്ട് പടീറ്റതിൽ ഗോപാലൻ കുട്ടിയുടെ ഭാര്യ വത്സയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം ചിറക്കടവം മുറിയിൽ കള്ളിക്കാട്ട് പടീറ്റതിൽ ഗോപാലൻ കുട്ടിയുടെ ഭാര്യ വത്സയ്ക്ക് 25/05/2010 തീയതിയിൽ കായംകുളം കൃഷ്ണപുരത്ത് വച്ച് കെ.എൽ 15/3104 നമ്പർ കെ.എസ്.ആർ.ടി.സി. ബസും കെ.എൽ 29/ബി 7186 നമ്പർ സ്കൂട്ടറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ സംഭവിച്ച നഷ്ടത്തിന് 1,79,269 രൂപ നൽകുന്നതിന് 27/03/2016 ൽ മാവേലിക്കര മോട്ടോർ ക്ലയിംസ് ട്രിബ്യൂണലിന്റെ ഉത്തരവുണ്ടായിട്ടും നാളിതുവരെ പ്രസ്തുത തുക ലഭ്യമാക്കാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ? | (എ) | കായംകുളം കൃഷ്ണപുരത്ത് KL.15/3104-ാം നമ്പർ KSRTC ബസ് ഉൾപ്പെട്ട അപകടവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ശ്രീമതി. വത്സല മാവേലിക്കര മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ മുമ്പാകെ OP(MV) 907/2010 നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തിരുന്നതും ബഹു.ട്രിബ്യൂണൽ നഷ്ടപരിഹാരമായി 1,79,269/- രൂപയും പലിശയും നൽകുവാൻ ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം MACT നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. KELSA സംഘടിപ്പിക്കുന്ന അദാലത്തിൽ കെ.എസ്.ആർ.ടി.സി. പങ്കെടുത്തിട്ടുള്ളതും, ഏപ്രിൽ, ജൂലൈ മാസങ്ങളിൽ സംഘടിപ്പിച്ച അദാലത്തിൽ ടി കേസ് പരിഗണിച്ചിരുന്നുവെങ്കിലും തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ